## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 240** **01-02-2023 - ൽ മറുപടിയ്ക്ക്**

## ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്തുന്ന പാലിൽ മായം ചേർത്തിട്ടുണ്ടോയെന്ന് കണ്ടെത്തുന്നതിനായി പാലിന്റെ ഗുണനിലവാര പരിശോധന നടത്തുന്നതിന് ഭക്ഷ്യ സുരക്ഷ വകുപ്പിന്റെ കീഴിൽ എന്ത് സംവിധാനമാണ് നിലവിലുള്ളത്; ക്ഷീരവികസന വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ പിടികൂടുന്ന മായം കലർന്ന പാൽ യഥാസമയം ഭക്ഷ്യസുരക്ഷാവകുപ്പിന്റെ ലാബുകളിൽ എത്തിച്ച് പരിശോധന നടത്തുവാൻ സാധിക്കാത്തതിനാൽ മായം കലർത്തിയത് കണ്ടെത്തുവാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇത്തരം പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഉൾപ്പടെ സംസ്ഥാനത്തേക്ക് എത്തുന്ന പാലിന്റെ സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള അനലറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഇല്ലാത്തതും മായം കലർന്നതുമാണെന്ന് കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ചെക്ക് പോസ്റ്റുകൾ കേന്ദ്രീകരിച്ച് ശേഖരിയ്ക്കുന്നതുൾപ്പെടെയുള്ള പാലിന്റെ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ എത്തിച്ച് പരിശോധനകൾ നടത്തുന്നതിൽ കാലതാമസവും വീഴ്ചയും ഉണ്ടായിട്ടില്ല. |
| (ബി) | ഭക്ഷ്യസുരക്ഷാവകുപ്പിന് കീഴിൽ എല്ലാ ബ്ലോക്കുകളിലും ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ ബ്ലോക്ക് തലത്തിലും ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിലവിൽ അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ സർക്കിൾ രൂപീകരിച്ച് ഒരു ഭക്ഷ്യ സുരക്ഷാ സർക്കിളിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസർ എന്ന നിലയിലാണ് നിയോഗിച്ചിട്ടുള്ളത്. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെ തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനും അതിലൂടെ പരിശോധനാ സംവിധാനങ്ങൾ വിപുലീകരിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. |
| (സി) | ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് പ്രാദേശിക തലത്തിൽ കൂടുതൽ ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ഭക്ഷ്യ സുരക്ഷാ വകുപ്പിൽ നിലവിൽ അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ സർക്കിൾ രൂപീകരിച്ച് ഒരു ഭക്ഷ്യ സുരക്ഷാ സർക്കിളിൽ ഒരു ഭക്ഷ്യ സുരക്ഷാ ഓഫീസർ എന്ന നിലയിലാണ് നിയോഗിച്ചിട്ടുള്ളത്. ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരുടെ തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനും അതിലൂടെ പരിശോധനാ സംവിധാനങ്ങൾ വിപുലീകരിയ്ക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ